**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4332** **21.03.2018-ൽ മറുപടിക്ക്**

## പി.എസ്.സി. നിയമനങ്ങൾ

ചോദ്യം
**ശ്രീ.അടൂർ പ്രകാശ്**

**ഉത്തരം**
**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | പി.എസ്.സി. നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകാത്തത് അപ്രഖ്യാപിത നിയമനനിരോധനം നിലവിലുള്ളതുകൊണ്ടാണോ എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഒരു തരത്തിലുള്ള നിയമനനിരോധനവും നിലവിലില്ല. |
| (ബി) | വിവിധ ജില്ലകളിലെ എൽ.ഡി. ക്ലാർക്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകിയവരുടെ എണ്ണം മുൻ ലിസ്റ്റിൽ നിന്നും നിയമനം നൽകിയവരെക്കാൾ കുറവാകാൻ ഉണ്ടായ സാഹചര്യമെന്താണെന്ന് വിശദമാക്കാമോ? | (ബി) | 30.03.2015 വരെ കാലാവധിയുണ്ടായിരുന്ന എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നതിനായി പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുശേഷം 2015 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ ഉണ്ടായ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ഇപ്രകാരം റിപ്പോർട്ട് ചെയ്ത തസ്തികകളിലേക്ക് 30.03.2015ൽ അവസാനിച്ച റാങ്ക് ലിസ്റ്റിൽനിന്നും നിയമനവും നടത്തിയിരുന്നു. കൂടാതെ, ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ഉണ്ടാ |

| | | | |
|---|---|---|---|
| | | | യിരുന്ന അപേക്ഷകളിൽ നിയമന ഊഴം കണക്കാക്കാതെ മുൻകൂറായി സൂപ്പർ **ന്യൂമററി** തസ്തികകൾ സൃഷ്ടിച്ചും നിയമനം നടത്തിയിരുന്നു. ഇപ്രകാരം സൂപ്പർ **ന്യൂമററി** തസ്തികയിൽ ജോലിയിൽ പ്രവേശിച്ചവരെ ഇപ്പോൾ നിലവിലുള്ള (31.03.2015ൽ നിലവിൽ വന്നത്) എൽ.ഡി ക്ലാർക്ക് റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ഉണ്ടായ ഒഴിവുകൾ ഉപയോഗിച്ച് റഗുലറൈസ് ചെയ്യുകയുണ്ടായി. അതിനാൽ, നിലവിലെ എൽ.ഡി ക്ലാർക്ക് റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം താരതമ്യേന കുറഞ്ഞതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി . ഇത് പരിഗണിച്ച് **30.03.2018 ൽ അവസാനിക്കുന്ന എൽ.ഡി ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിനായി നിലവിൽ ആശ്രിത നിയമനത്തിനായി നീക്കിവച്ചിട്ടുള്ളതോ, തസ്തികമാറ്റ നിയമനത്തിനായി നീക്കിവച്ചിട്ടുള്ളതോ, മറ്റു തരത്തിൽ നീക്കിവച്ചിട്ടുള്ളതോ ഉൾപ്പെടെ എല്ലാ ഒഴിവുകളും 27.03.2018-നകം തന്നെ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും** സർക്കാർ 17.03.2018 ലെ ഉപസി3/428/17/ഉഭപവ പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ